3. കേരള സ്റ്റേറ്റ് എക്സൈസ് മെൻ ഡെവലപ്മെന്റ് ആന്റ് റീ-ഹാബിലിറ്റേഷൻ കോർപ്പറേഷൻ.

4. കെ.എസ്.ഇ.ബി. ലിമിറ്റഡ്.

5. കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനമാണ് പി.എസ്.സി. വഴി ആക്കിയത്.

ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സിന് അംഗീകാരം

48 (1784) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടില്ല.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയയ്ക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ വീഴ്ച

49 (1785) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്യുന്നതിൽ മേലധികാരികൾ വീഴ്ചവരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. യഥാസമയം നിയമന ശിപാർശ നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമന ശിപാർശ നൽകി എത്ര ദിവസത്തിനകം പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ചില കേസുകളിൽ നിയമന ശിപാർശ ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസുകൾ നിലവിലുണ്ട്;

(ഡി) നിയമന ശിപാർശ ലഭിച്ചതിൽ നിയമനം ആഗ്രഹിക്കുന്ന എല്ലാവർക്കും നിയമനം ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ;

(ഇ) നിയമന ശിപാർശ ലഭിച്ചതും നിയമനം ലഭിക്കേണ്ട നിശ്ചിത കാലാവധിക്ക് ശേഷവും നിയമനം ലഭിക്കാത്തതുമായ എല്ലാ കേസുകളും പ്രത്യേകം പരിശോധിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ളതും 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നത് പി.എസ്.സി.യുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ അത്തരം പരാതികൾ പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(സി) നിയമന ശിപാർശ നൽകി മൂന്നുമാസത്തിനുള്ളിൽ നിയമനം നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടും നിയമന ഉത്തരവ് ലഭ്യമായില്ലെന്ന പരാതി ലഭിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പി.എസ്.സി. നിയമന ശിപാർശാത്തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ ഉദ്യോഗാർത്ഥിക്ക് നിയമനം നൽകിയില്ലെങ്കിൽ അക്കാര്യം കാലതാമസത്തിനുള്ള കാരണം സഹിതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടിട്ടുണ്ട്.

(ഇ) ഇപ്രകാരം നിയമനം നൽകാത്ത വകുപ്പുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly